പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *802 — 09.11. 2016 ൽ മറുപടിക്ക്

വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിലപാടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിലപാടുകൾ പലതും ജനദ്രോഹപരവും വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇലക്ട്രിസിറ്റി ആക്റ്റ് -2003 (Central Act)ലെ വിവിധവകുപ്പുകളും തദനുസരണമായി പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രവർത്തിക്കുന്നത്. ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, ട്രേഡിംഗ് ലൈസൻസികളുടെ, പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും വിവിധ താരിഫുകൾ നിർണ്ണയിക്കുന്നതും റെഗുലേറ്ററി കമ്മീഷന്റെ ചുമതലകളിൽപെടുന്നു. ഇലക്ട്രിസിറ്റി നിയമത്തിലേയും ദേശീയ താരീഫ് നയത്തിലെയും വ്യവസ്ഥകളിൽ നിന്നും കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പിൻതുടരുന്ന മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2014-ൽ പുറപ്പെടുവിച്ച താരീഫ് റഗുലേഷനും , 2006-ൽ സംസ്ഥാന സർക്കാർ റഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി നിയമത്തിലെ 108-ാം വകുപ്പ് പ്രകാരം നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതെ കെ.എസ്.ഇ.ബി.യിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നതും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതാണെന്ന പരാതികൾ കെ.എസ്.ഇ.ബി .എൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ചെറുകിട ഗാർഹിക ഉപഭോക്താക്കൾക്കുള്ള ക്രോസ് സബ്സിഡി ഒഴിവാക്കാൻ റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) 2012 നവംബർ 20 ന് റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള KSERC ( Principles for Determination of Roadmap for Cross Subsidy reduction for distribution Licensees) Regulation 2012 പ്രകാരം ഓരോ താരിഫ് നിർണ്ണയ ഘട്ടത്തിലും ഗാർഹിക ഉപഭോക്താക്കൾക്കുള്ള ക്രോസ് സബ്സിഡി റഗുലേറ്ററി കമ്മീഷൻ കുറച്ച് കൊണ്ടു വരുന്നുണ്ട്. എന്നാൽ ക്രോസ് സബ്സിഡി പൂർണ്ണമായും ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടില്ല. |
| (സി) വൈദ്യുതി ബോർഡ് ലിമിറ്റഡിനും സ്ഥാപനത്തിലെ ജീവനക്കാർക്കും പ്രതികൂലമായ നിലപാടു സ്വീകരിക്കുന്ന വൈദ്യുതി റഗുലേറ്ററി കമ്മീഷന് സർക്കാർ നയപരമായ നിർദ്ദേശം നൽകാൻ തയ്യാറാകുമോ? | (സി) പൊതു താൽപ്പര്യം ഉൾപ്പെടുന്ന നയപരമായ കാര്യങ്ങളിൽ വൈദ്യുതി നിയമത്തിലെ 108 -ാം വകുപ്പ് പ്രകാരം വൈദ്യുതി റെഗുലേറ്ററി കമ്മീഷന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ ക്രോസ് സബ്സിഡി കുറച്ച് കൊണ്ടു വരണമെന്നതടക്കമുള്ള കാര്യങ്ങൾ വൈദ്യുതി നിയമം നിഷ്കർഷിക്കുന്ന പ്രകാരമായതിനാൽ പ്രസ്തുത വകുപ്പ് ഉപയോഗിച്ച് വ്യത്യസ്തമായ നിർദ്ദേശങ്ങൾ നൽകുന്നത് നിയമാനുസൃതമാകില്ല. |

സെക്ഷൻ ഓഫീസർ